# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1783 14.08.2017 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## പോലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറയും ലോക്കപ്പ് മർദ്ദനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറയും ലോക്കപ്പ് മർദ്ദനവും ശക്തമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പാവറട്ടി പോലീസ് കസ്റ്റഡിയിലെടുത്ത ശേഷം വിട്ടയച്ച വിനായകൻ എന്ന ദളിത് യുവാവ് പിന്നീട് ആത്മഹത്യ ചെയ്ത സാഹചര്യം പരിശോധിക്കുകയുണ്ടായോ; | (ബി) പാവറട്ടി പോലീസ് സ്റ്റേഷനിലെ പ്രോസസ് സെർവർ ഡ്യൂട്ടിക്കാരനായ സിവിൽ പോലീസ് ഓഫീസർ 17/07/2017 തീയതി പകൽ 12.00 മണിയ്ക്ക് ഡ്യൂട്ടിക്കിടയിൽ മാനിനക്കുന്ന് ഭാഗത്ത് വിജനമായ സ്ഥലത്ത് രണ്ട് ആൺകുട്ടികൾ മോട്ടോർ സൈക്കിളിൽ വന്ന് ഒരു പെൺകുട്ടിയുമായി സംസാരിച്ചു നിൽക്കുന്നത് കണ്ടു. പാവറട്ടി, ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷൻ പരിധികളിൽ മോട്ടോർ സൈക്കിളിൽ എത്തി മാല പൊട്ടിക്കുന്ന സംഭവങ്ങൾ വ്യാപകമായതിനെത്തുടർന്ന് അന്വേഷണവും പരിശോധനയും നടത്തുന്നതിന് നിർദ്ദേശമുണ്ടായിരുന്നതിനാൽ മോട്ടോർ സൈക്കിളിൽ വന്ന ആൺകുട്ടികളെ ചോദ്യം ചെയ്യുകയും വാഹനത്തിന് രേഖകളില്ലെന്ന് കാണപ്പെട്ടതിനാൽ മോട്ടോർ സൈക്കിളുമായി പോലീസ് സ്റ്റേഷനിലേയ്ക്ക് എത്തുന്നതിന് നിർദ്ദേശിക്കുകയും, വിനായകനെ സിവിൽ പോലീസ് ഓഫീസർ ശ്രീജിത് തന്റെ ബൈക്കിലും ശരത്ത് എന്നയാൾ അവരുടെ കൈവശമുണ്ടായിരുന്ന മോട്ടോർ സൈക്കിളിലുമായി പാവറട്ടി പോലീസ് സ്റ്റേഷനിലേയ്ക്ക് എത്തുകയാണുണ്ടായത്. മോട്ടോർ സൈക്കിളിന് രേഖകളില്ലാതിരുന്നതുകൊണ്ടും ഇവർ |

മാനിനക്കുന്നിൽ എത്തിയതിന് മതിയായ വിശദീകരണം നൽകാൻ സാധിക്കാതിരുന്നതുകൊണ്ടും കുട്ടികളുടെ വീട്ടിൽ വിവരമറിയിക്കുകയും തുടർന്ന് വിനായകന്റെ അച്ഛൻ കൃഷ്ണനും മറ്റൊരാളും പോലീസ് സ്റ്റേഷനിൽ ഹാജരാകുകയും പാവറട്ടി സബ് ഇൻസ്പെക്ടർ അവരുമായി സംസാരിച്ച് പിഴയൊന്നും ഈടാക്കാതെ തന്നെ ഉച്ചയ്ക്ക് 3 മണിയോടെ കുട്ടികളെ അവരോടൊപ്പം വിട്ടയച്ചിട്ടുള്ളതുമാണ്. തുടർന്ന് 18/07/2017 തീയതി രാവിലെ 10.30 മണിയ്ക്കും 12.45 മണിയ്ക്കും ഇടയിൽ വീട്ടിൽ മറ്റാരും ഇല്ലാതിരുന്ന സമയത്ത് വിനായകൻ ആത്മഹത്യ ചെയ്യുകയാണുണ്ടായത്.

(സി) ഇതുപോലെ പോലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്ത ശേഷം വിട്ടയച്ച ചിലർ സമീപകാലത്ത് ആത്മഹത്യ ചെയ്തതായി റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(സി) പോലീസ് ചോദ്യം ചെയ്ത ശേഷം വിട്ടയച്ചവരിൽ ഒരാൾ സമീപകാലത്ത് ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) മുടി നീട്ടി വളർത്തുന്ന ചെറുപ്പക്കാരെ തിരഞ്ഞ് പിടിച്ച് പോലീസ് അവരെ നിർബന്ധിച്ച് മുടി മുറിപ്പിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പോലീസിന്റെ അധികാര പരിധിയിൽ വരുന്ന കാര്യമാണോ; അല്ലെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(ഡി) മുടി നീട്ടി വളർത്തുന്നവരെ തിരഞ്ഞ് പിടിച്ച് മുടി മുറിപ്പിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഏതെങ്കിലും തരത്തിൽ സദാചാരപോലീസ് ചമയുന്ന പോലീസുകാർ ഉണ്ടെങ്കിൽ അവർക്കെതിരെ കർശന നടപടി സ്വീകരിയ്ക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.